(ഇ) ഇല്ലെങ്കിൽ എങ്ങനെയെന്ന് വിശദീകരിക്കുമോ ;

(എഫ്) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിന്റെ പ്രയോജനം കിട്ടുന്നവർ നൽകേണ്ട ഫീസുകൂടി നിർണ്ണയിച്ചു പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(എച്ച്) മുഖ്യമന്ത്രി കണ്ടതിനുശേഷമാണോ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത് ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ-സി) 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിലെ 50-ാം വകുപ്പനുസരിച്ച് ഗവൺമെന്റ് ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് അനുവദിച്ചിട്ടുണ്ട്. ഈ വകുപ്പിനെ കുറെക്കൂടി വ്യക്തമാക്കിക്കൊണ്ട് 11-1-2001-ലെ സർക്കാർ ഉത്തരവ്, (ആർ.ടി)98/2001/എച്ച്. ആന്റ് എഫ് ഡബ്ല്യൂ.ഡി. എന്ന നമ്പരിൽ ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതിലെ ചില നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിറുത്തിവച്ചുകൊണ്ട് 15-1-2001-ൽ പിന്നീട് ഉത്തരവ് പുറപ്പെടുവിച്ചു. മേൽ സൂചിപ്പിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.†

(ഡി-ജി) രോഗികളുടെ താൽപ്പര്യത്തെ ഹനിക്കുന്ന നിർദ്ദേശങ്ങളൊന്നും ഇതിൽ അടങ്ങിയിട്ടില്ല. എന്നാൽ ചില മേഖലകളിൽ നിന്നും ഉണ്ടായ അഭിപ്രായത്തെ തുടർന്ന് പ്രസ്തുത ഉത്തരവിലെ ചില നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് നിർത്തിവയ്ക്കുകയുണ്ടായി. സ്വകാര്യചികിൽസയ്ക്ക് ഫീസ് നിർണ്ണയിച്ച് പ്രസിദ്ധീകരിക്കുവാൻ തൽക്കാലം ഉദ്ദേശമില്ല.

(എച്ച്) അല്ല.

റേഷൻ പഞ്ചസാര വിതരണം

15 (*15) ശ്രീമതി രാധാരാഘവൻ :
ശ്രീ. പാലോട് രവി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി റേഷൻ പഞ്ചസാര വിതരണം പരിമിതപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഈ നടപടി പൊതുവിപണിയിൽ പഞ്ചസാര വിലയെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ നടപടിയെത്തുടർന്ന് പൊതുവിപണിയിൽ പഞ്ചസാര വില വർദ്ധിക്കാതിരിക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഇ) സംസ്ഥാനത്ത് റേഷൻ പഞ്ചസാര ലഭിച്ചിരുന്നവർക്ക് കുറഞ്ഞ വിലയ്ക്ക് പഞ്ചസാര ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) റേഷൻ പഞ്ചസാര വിതരണം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വർക്കായി മാത്രം പരിമിതപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നതായി പത്രദ്വാരാ അറിയുവാൻ കഴിഞ്ഞു. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ഉത്തരവ് ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

(ബി) കേന്ദ്രസർക്കാരിന്റെ തീരുമാനമായതിനാൽ കാരണങ്ങൾ വ്യക്തമായറിയില്ല.

(സി) തീരുമാനം നടപ്പാക്കിയിട്ടില്ലാത്തതിനാൽ വില വർദ്ധനവിനെക്കുറിച്ച് വിശദീകരിക്കുവാൻ നിർവാഹമില്ല.

(ഡി&ഇ) മാവേലി സ്റ്റോറുകൾ/സൂപ്പർ മാർക്കറ്റ് എന്നിവയിൽക്കൂടി പൊതുകമ്പോളത്തിൽ നിന്നും പഞ്ചസാര വാങ്ങി വിതരണം ചെയ്തുവരുന്നു. മാത്രമല്ല, വാർഷിക കരാർ അടിസ്ഥാനത്തിൽ മഹാരാഷ്ട്ര, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ നിന്നും പഞ്ചസാര കുറഞ്ഞ വിലയ്ക്ക് വാങ്ങി റേഷൻ കടകൾ വഴി വിതരണം നടത്തുന്നതിനുള്ള സാദ്ധ്യത ആരായുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2000-2001 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക

16 (*16) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ തുകയിൽ നിന്നും എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം മേഖലകളിലാണ് കാര്യമായ വെട്ടിക്കുറവ് വരുത്തിയിട്ടുള്ളത് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ വർഷവും പദ്ധതിച്ചെലവിനത്തിൽ ലക്ഷ്യമിട്ടിരുന്നത് എത്ര തുക വീതമായിരുന്നുവെന്നും അതിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രവീതം എന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly